DESPATCHED On..16.3.2020
3.2011
07/03/2020

സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം
പുന്നൻ റോഡ്, തിരുവനന്തപുരം 695 001
Tel: 0471- 2561631, 2561614, 2561615, Fax: 0471-2330920
Email:- sic. ker@nic.in

**ഹർജി നമ്പർ AP.No.2242, 2246,2245,2244 (5)/19/SIC**

**തീർപ്പ് കൽപ്പിച്ചു കൊണ്ടുള്ള നടപടിക്രമം**

**File No.16156,16176,16171,16166 /SIC-G7/2019**

**സന്നിഹിത**

**ശ്രീമതി ശ്രീലത പി.ആർ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

| | |
|---|---|
| ശ്രീ. പ്രവീൺ. പി,<br>വാഴോട്ടുവിള വീട്,<br>നടൂർക്കൊല്ല, അമരവിള പി.ഒ,<br>പിൻ – 695 122. | അപ്പീൽ ഹർജിക്കാരൻ |
| സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,<br>കേരള സിഡ്കോ,<br>ഹൗസിംഗ് ബോർഡ് ബിൽഡിംഗ്,<br>ശാന്തി നഗർ, തിരുവനന്തപുരം– 01,<br><br>അപ്പീൽ അധികാരി &<br>അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ,<br>കേരള സിഡ്കോ,<br>ഹൗസിംഗ് ബോർഡ് ബിൽഡിംഗ്,<br>ശാന്തി നഗർ, തിരുവനന്തപുരം– 01, | എതിർകക്ഷികൾ |

## ഉത്തരവ്

1. അപ്പീൽ ഹർജിക്കാരൻ ശ്രീ. പി. പ്രവീൺ തിരുവനന്തപുരം കേരള സിഡ്കോ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർക്ക് വ്യത്യസ്ത തീയതികളിൽ സമർപ്പിച്ച 4 വിവരാവകാശ അപേക്ഷകളിൻമേലുള്ള അപ്പീലുകളാണ് ഈ ഉത്തരവിന്റെ അടിസ്ഥാനം.

**AP. No. 2242(5)/19/SIC**

2. അപ്പീൽ ഹർജിക്കാരൻ 01.08.2019 തീയതി ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ടത്, 1981 മുതൽ 28.02.2011 തീയതി വരെ വർക്കർ കാറ്റഗറിയിൽ നടന്നതായ നിയമനങ്ങളിൽ എസ്.സി വിഭാഗത്തിൽ നിയമനം ലഭിച്ച മുഴുവൻ പേരുടേയും പേര്, വയസ്സ്, കമ്മ്യൂണിറ്റി, ജോയിനിംഗ് തീയതി, റിട്ടയർമെന്റ് തീയതി, വിദ്യാഭ്യാസ യോഗ്യത, ടിയാളുകൾ വഹിച്ചിരുന്ന പദവികൾ, നിലവിൽ വർക്കർ തസ്തികയിൽ ജോലി ചെയ്യുന്നവരുടെ പേര്, യൂണിറ്റ് എന്നിങ്ങനെയുള്ള 5 വിവരങ്ങളാണ്.

3. **AP. No. 2246(5)/19/SIC**

ടിയാൻ 29.07.2019 ൽ സമർപ്പിച്ച അപേക്ഷയിലൂടെ ഒന്നാം എതിർകക്ഷിയോട് ആവശ്യപ്പെട്ടത്, 12.07.2019 തീയതി സിഡ്‌കോ തയ്യാറാക്കിയതായി റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട 657 പേരുടെ പേര്, ജനനതീയതി, എഴുത്ത് പരീക്ഷയിൽ ലഭിച്ചതായ മാർക്ക്, ഇന്റർവ്യൂവിന് ലഭിച്ചതായ മാർക്ക്, മൊത്തം മാർക്ക്, 2014 കാലയളവിൽ സിഡ്‌കോ നടത്തിയതായ ഗ്രൂപ്പ് ഡിസ്‌ക്കഷന്റെ മാർക്ക്, 12.07.2019 തയ്യാറാക്കിയ വർക്ക് ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ, ടി ഇന്റർവ്യൂവിന് പങ്കെടുത്തതായ 657 പേർക്കും ഇന്റർവ്യൂവിന് മാർക്ക് നൽകിയത് എത്രപേർ അടങ്ങുന്ന കമ്മിറ്റി അംഗങ്ങളാണ്, അംഗങ്ങളെ തെരഞ്ഞെടുക്കാൻ ബോർഡ് കൂടിയിരുന്നോ, ടി ബോർഡ് മീറ്റിംഗിന്റെ പകർപ്പ്, അംഗങ്ങളുടെ പേര്, ഉദ്യോഗപേര്, വകുപ്പ് ക്വാളിഫിക്കേഷൻ, ടി ഉദ്യോഗസ്ഥർക്ക് സിഡ്‌കോ ഇന്റർവ്യൂ നടത്തുന്നതിന് ക്ഷണം നൽകിയതിന്റെ പകർപ്പ് എന്നിങ്ങനെയുള്ള 11 ചോദ്യങ്ങളാണ്.

4. **AP. No. 2245(5)/19/SIC**

ടിയാൻ 29.07.2019 തീയതി സമർപ്പിച്ച അപേക്ഷയിലൂടെ ഒന്നാം എതിർകക്ഷിയോട് ആവശ്യപ്പെട്ടത്, ബഹു. കേരള ഹൈക്കോടതിയുടെ WP(C) No. 3756/2016 വിധി പ്രകാരം 05.07.2019, 06.07.2019, 09.07.2019, 10.07.2019, 11.07.2019 എന്നീ തീയതികളിൽ സിഡ്‌കോ നടത്തിയ ഇന്റർവ്യൂവിൽ പങ്കെടുത്ത 657 പേരുടെയും എക്സ്പീരിയൻസ് സർട്ടിഫിക്കറ്റുകൾ പരിശോധിച്ചത് സംബന്ധിച്ചുള്ള 6 വിവരങ്ങളാണ്

5. **AP. No. 2244(5)/19/SIC**

ടിയാൻ 29.07.2019 തീയതി സമർപ്പിച്ച അപേക്ഷയിലൂടെ ഒന്നാം എതിർകക്ഷിയോട് ആവശ്യപ്പെട്ടത്, സിഡ്‌കോയിൽ എഴുത്ത് പരീക്ഷയിലൂടെ നിയമനം നടത്തുന്നതിന് മുമ്പ് തൊഴിലാളികളുടെ കാറ്റഗറി തിരിച്ചുള്ള വേക്കൻസികൾ തിട്ടപ്പെടുത്തിയിട്ടില്ലാതെ 2011,2015,2019 കാലഘട്ടത്തിൽ നിയമനം നടത്തുന്നതുമായി ബന്ധപ്പെട്ട് 6 വിവരങ്ങളാണ്.

6. മേൽ പരാമർശിച്ച വിവരാവകാശ അപേക്ഷകൾക്ക് ഒന്നാം എതിർകക്ഷിയിൽ നിന്ന് വിവരം ലഭ്യമാകാത്തതിനെ തുടർന്ന് അപ്പീൽ ഹർജിക്കാരൻ ഒന്നാം അപ്പീലുകൾ സമർപ്പിക്കുകയും ഒന്നാം അപ്പീലുകളിൽമേലും തീരുമാനം ലഭ്യമാകാത്തതിനെ തുടർന്ന് കമ്മീഷൻ മുമ്പാകെ രണ്ടാം അപ്പീൽ സമർപ്പിച്ചു.

7. അപ്പീലുകൾ ഫയലിൽ സ്വീകരിച്ച കമ്മീഷൻ ഇരുകക്ഷികളേയും നേരിൽ കേൾക്കാൻ നിശ്ചയിച്ചു. 18.01.2020 തീയതി കമ്മീഷൻ ആസ്ഥാനത്ത് വച്ച് നടന്ന ഹിയറിംഗിൽ അപ്പീൽ ഹർജിക്കാരനും ഒന്നാം എതിർകക്ഷിയും പങ്കെടുത്തിരുന്നു.

8. നേർവിചാരണയ്ക്ക് ഹാജരായ ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ മൊഴി നൽകുകയും റിപ്പോർട്ട് സമർപ്പിക്കുകയും ഉണ്ടായി. മേൽപരാമർശിച്ച അപ്പീൽ അപേക്ഷകളുമായി ബന്ധപ്പെട്ട് ഒന്നാം എതിർകക്ഷി സമർപ്പിച്ച റിപ്പോർട്ടുകളിൽ അറിയിക്കുന്നത് താഴെ പറയുന്ന വിവരങ്ങളാണ്.

a. 23.07.2018 ൽ ആണ് സിഡ്കോ പബ്ലിക് ഇൻഫർമേഷൻ ഓഫീസർ എന്ന ചുമതല മറ്റ് ചുമതലകൾക്ക് പുറമേ ലഭ്യമായത്.

b. 2015 ലെ അൺസ്കിൽഡ് വർക്കർ നിയമനം സംബന്ധിച്ച് ഡബ്ല്യൂ.എ 822/2018 ലെയും മറ്റ് അനുബന്ധകേസ്സുകളിലേയുമായി ബഹു. ഹൈക്കോടതി വിധി നടപ്പിലാക്കുന്നതിന്റെ ഭാഗമായി നിലവിലെ എസ്.പി.ഐ.ഒ.യ്ക്ക് വർക്കേഴ്സ് എസ്റ്റാബ്ലിഷ്മെന്റ് ചുമതല നിർവ്വഹിക്കുന്നതിന് പുറമേ പുനർ തിരഞ്ഞെടുപ്പിനുള്ള തുടർ നടപടികളുടെ ഭാഗമായി സർട്ടിഫിക്കറ്റ് വെരിഫിക്കേഷൻ കമ്മിറ്റി അംഗം എന്ന ചുമതല കൂടി നൽകി

c. ടി റാങ്ക് ലിസ്റ്റ് വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചതിൽ ചില പാകപ്പിഴകൾ വന്നതിനാൽ അഭിമുഖത്തിന് ഹാജരായ 657 പേരുടേയും അപേക്ഷകൾ പുന:പരിശോധിക്കേണ്ടതായി വന്നു.

d. പുനർ തെരഞ്ഞെടുപ്പിനുള്ള നടപടികൾ സ്വീകരിച്ച് വരുന്ന സമയത്ത് ലഭിച്ച അപ്പീൽഹർജിക്കാരന്റെ ചില അപേക്ഷകൾക്ക് സമയബന്ധിതമായി മറുപടി നൽകാൻ കഴിയാതിരുന്നത് ബഹു. ഹൈക്കോടതി ഉത്തരവ് പാലിക്കുന്ന ചുമതല നിർവ്വഹിച്ചു വന്നതിനാലാണ്

e. അപ്പീൽ അപേക്ഷകളിൻമേൽ വിവരം നൽകിയിരുന്നു.

f. ടി അപേക്ഷകളിൽ പലതും അഭിപ്രായങ്ങളും ഊഹാപോഹങ്ങളും കൂടുതലായി ഉൾപ്പെട്ടിരുന്നതിനാൽ ആയത് വിവരാവകാശ നിയമം വകുപ്പ് 2 (എഫ്) പ്രകാരം വിവരം എന്ന നിർവ്വചനത്തിൽ പെടുന്നതല്ല.

9. നേർവിചാരണയ്ക്ക് ഹാജരായ അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ മൊഴി നൽകുകയും തുടർന്ന് സത്യവാങ്മൂലം എഴുതി സമർപ്പിക്കുകയുമുണ്ടായി. പ്രസ്തുത സത്യവാങ്മൂലത്തിൽ താഴെ പറയുന്ന വിവരങ്ങളാണ് രേഖപ്പെടുത്തിയിരുന്നത്.

   a. കേരള സിഡ്കോയിൽ അൺസ്കിൽഡ് വർക്കർ തസ്തികയിലേയ്ക്ക് ടിയാൻ അപേക്ഷ അയച്ചതിന്റെ ഭാഗമായി സിഡ്കോ നടത്തിയ എഴുത്ത് പരീക്ഷയിലും ഗ്രൂപ്പ് ഡിസ്കഷനിലും ഇന്റർവ്യൂവിലും പങ്കെടുത്തിരുന്നു.

b. സെലക്ഷൻ കമ്മിറ്റി തീരുമാനപ്രകാരം റാങ്ക് 122, റോൾ നം. എ.ഒ 908, കമ്മ്യൂണിറ്റി ഹിന്ദു സാംബവർ (എസ്.സി) ജനനതീയതി 30.03.1986, എഴുത്ത് പരീക്ഷയ്ക്ക് 30 മാർക്ക് ഗ്രൂപ്പ് ഡിസ്കഷന് 29.84 മാർക്ക്, ഇന്റർവ്യൂവിന് 32.25 മാർക്ക് എന്നിവ ലഭിച്ചിരുന്നു.

c. മേൽപരാമർശിച്ച വസ്തുത പ്രകാരം സെലക്ഷൻ കമ്മിറ്റി 31.08.2015 തീയതി സ്ഥിര നിയമനം നൽകിയിരുന്നു.

d. 2015 ലെ നിയമനത്തിനെതിരെ ബഹു. ഹൈക്കോടതി വിധിയിൽ എഴുത്ത് പരീക്ഷ നിലനിർത്തി ഇന്റർവ്യൂവിന് 20% മാർക്ക് നീക്കി വച്ച് തീർത്തും സുതാര്യവും നിയമപരവുമായ പുനർതെരഞ്ഞെടുപ്പ് മൂന്ന് മാസത്തിനിടെ നടപ്പാക്കണമെന്ന് നിർദ്ദേശിച്ചിരുന്നു.

e. ഇന്റർവ്യൂവിന് പങ്കെടുത്ത 657 പേരെയും ഉൾപ്പെടുത്തി 12.07.2019 തീയതി റാങ്ക് ലിസ്റ്റ് തയ്യാറാക്കുകയും 2015 ൽ നിയമിതരായ 157 പേരുടേയും നിയമനം റദ്ദ് ചെയ്യുകയും പുനർതെരഞ്ഞെടുപ്പിന്റെ ഭാഗമായി 157 വേക്കൻസിയും സിഡ്കോ ബോർഡിന്റെയോ സർക്കാരിന്റെയോ ഉത്തരവ് ഇല്ലാതെ 40 വേക്കൻസിയായി വെട്ടികുറച്ചു.

f. 05.07.2019 തീയതി സർട്ടിഫിക്കറ്റ് പരിശോധന നടത്തിയ സിഡ്കോ ഉദ്യോഗസ്ഥരുടെ നിർദ്ദേശ പ്രകാരം രജിസ്റ്റർ ബുക്കിൽ സാംബവർ (എസ്.സി) എന്നും തീയതിയും രേഖപ്പെടുത്തി ഒപ്പിട്ട് നൽകിയതിന് ശേഷമാണ് ഇന്റർവ്യൂവിൽ പങ്കെടുപ്പിച്ചത്

g. ഇന്റർവ്യൂ കഴിഞ്ഞതിന് ശേഷം സിഡ്കോ തയ്യാറാക്കിയ റാങ്ക് ലിസ്റ്റിൽ എസ്.സി. വിഭാഗത്തിൽ നിന്ന് മാറ്റി ഓപ്പൺ ക്വാട്ടയിൽ ഉൾപ്പെടുത്തി

h. 2013 ലെ വിജ്ഞാപന സമയത്ത് നൽകിയ ജാതിസർട്ടിഫിക്കറ്റ് സാധുത ഇല്ലായെന്നും 25.04.2009 ലെ ജാതി സർട്ടിഫിക്കറ്റ് ആയതുകൊണ്ടുമാണ് ഓപ്പൺ ക്വാട്ടയിൽ പരിഗണിച്ചത് എന്ന് പറയുന്നത് സിഡ്കോയുടെ തെറ്റായ നടപടിയാണ്

i. എസ്.സി വിഭാഗത്തിലെ റോൾ നമ്പർ AO 657 പ്രകാരം മറ്റൊരു വ്യക്തിക്ക് 04.01.2005 ലെ ജാതി സർട്ടിഫിക്കറ്റ് പരിഗണിച്ച് പുനർ തെരഞ്ഞെടുപ്പിൽ ജോലി നൽകിയിട്ടുണ്ട്.

j. പ്രസ്തുത തസ്തികയിലേയ്ക്ക് നടന്ന നിയമനത്തിൽ നോട്ടിഫിക്കേഷനിൽ പറഞ്ഞിരുന്ന വ്യവസ്ഥകൾ പാലിച്ചിരുന്നില്ല.

k. അപേക്ഷ വ്യക്തമായി പൂരിപ്പിക്കാത്ത ഉദ്യോഗാർത്ഥികളേയും ഇന്റർവ്യൂവിൽ കൂടുതൽ മാർക്ക് നൽകി റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുത്തിയിരുന്നു.

l. നോട്ടിഫിക്കേഷനിൽ പറഞ്ഞിട്ടില്ലാത്ത പ്രവൃത്തി പരിചയം ഉള്ളവരേയും മതി യായ രേഖകൾ ഹാജരാക്കാത്ത പലർക്കും പുനർ തെരഞ്ഞെടുപ്പിൽ ജോലി നൽകിയിരുന്നു.

**m. അപേക്ഷ അനുഭാവപൂർവ്വം പരിഗണിച്ച് എസ്.സി വിഭാഗത്തിൽ ഉൾപ്പെടുത്തി ടി റാങ്ക് ലിസ്റ്റ് പുനപരിശോധിച്ച് ഇന്റർവ്യൂവിന് പങ്കെടുത്ത 657 പേരുടേയും എക്സ്പീരിയൻസ് സർട്ടിഫിക്കറ്റ് ഗവൺമെന്റ് ഏജൻസിയെ കൊണ്ട് പരിശോ ധനയ്ക്ക് വിധേയമാക്കി ഇന്റർവ്യൂ ഉദ്യോഗസ്ഥർ അപ്പീൽഹർജിക്കാരന് നൽകി യതായ മാർക്ക് നൽകണമെന്നും എ.പി. നമ്പർ 2246(5)/19 എന്ന അപ്പീൽ ഹർജി യിൻ മേലുള്ള വിവരങ്ങൾ ലഭ്യമാക്കണമെന്നുമാണ് പ്രധാനമായും ടിയാൻ അറി യിക്കുന്നത്.**

10. അപ്പീൽ ഹർജികളും മറ്റു അനുബന്ധരേഖകളും എതിർകക്ഷി വിവിധ അപ്പീലുക ളിൽ സമർപ്പിച്ച റിപ്പോർട്ടുകളും മൊഴിയും പരിശോധിക്കുമ്പോൾ, അൺസ്കിൽഡ് വർക്കേഴ്സ് നിയമനവുമായി ബന്ധപ്പെട്ട് അപ്പീൽഹർജിക്കാരൻ ആവശ്യപ്പെട്ട അപേക്ഷകൾക്കൊന്നും നിശ്ചിത സമയത്തിനുള്ളിൽ ഒന്നാം എതിർകക്ഷി മറുപടി ലഭ്യമാക്കിയിട്ടില്ല എന്ന് മാത്രവുമല്ല തെറ്റും തെറ്റിദ്ധരിപ്പിക്കുന്നതുമായ വിവരങ്ങളു മാണ് ടിയാന് നൽകിയിട്ടുള്ളത് എന്ന് വ്യക്തം. കൂടാതെ ടിയാൻ ആവശ്യപ്പെട്ട വിവരം 2 (എഫ്)ന്റെ പരിധിയിൽ വരുന്നതല്ല എന്ന വാദം ശരിയല്ല. ടിയാൻ പ്രധാന മായും വാദിക്കുന്നത് എസ്.സി വിഭാഗത്തിലുള്ള ഒരു വ്യക്തിയെ എന്ത് അടിസ്ഥാന ത്തിൽ ഓപ്പൺ ക്വാട്ടയിൽ മാറ്റിയത് എന്നാണ്. ആയതിന് ഒന്നാം എതിർകക്ഷി നൽകിയത് 2013 ലെ വിജ്ഞാപന സമയത്ത് 2009 ലും 2014 ലും നൽകിയ ജാതി സർട്ടിഫിക്കറ്റിന് സാധുത ഇല്ല എന്നാണ്. എന്നാൽ 2013 ലെ നോട്ടിഫിക്കേഷൻ പ്രകാരം 31.08.2015 ന് ടിയാന് സ്ഥിര നിയമനം നൽകിയതിന് ഇതേ ജാതി സർട്ടിഫി ക്കറ്റുകളാണ് പരിഗണിച്ചത് എന്ന് കമ്മീഷൻ നിരീക്ഷിക്കുന്നു. 12.04.2019 ലെ WA No. 822/2018 ലെ ബഹു. കേരള ഹൈക്കോടതിയുടെ വിധി പ്രകാരം 2013 ലെ വിജ്ഞാപനത്തിൻമേലുള്ള എഴുത്ത് പരീക്ഷയുടെ തുടർനടപടിയായി പുനർതെര ഞ്ഞെടുപ്പിനുള്ള അഭിമുഖം നടത്തിയപ്പോൾ, 2013 ലെ അപേക്ഷയോടൊപ്പം ഹാജരാ ക്കിയ 2009 ലെയും 2014 ലെയും ജാതി സർട്ടിഫിക്കറ്റുകൾ സാധുതയില്ലാത്തതിനാ ലാണ് ടിയാനെ ഓപ്പൺ കാറ്റഗറിയിൽ പരിഗണിച്ചത് എന്ന സിഡ്കോ അധികൃത രുടെ നടപടി, പട്ടികജാതിയിൽപ്പെട്ട ഒരു ഉദ്യോഗാർത്ഥിയുടെ അവകാശ നിഷേധവും കോടതിയുടെ നിർദ്ദേശത്തിന് വിരുദ്ധവുമാണെന്ന് കമ്മീഷൻ വിലയിരുത്തുന്നു.

11. കൂടാതെ ടിയാൻ എഴുതി നൽകിയ സത്യവാങ്മൂലത്തിൽ മറ്റൊരു വസ്തുത കമ്മീഷന്റെ ശ്രദ്ധയിൽപ്പെട്ടു. എസ്.സി വിഭാഗത്തിലെ റോൾ നമ്പർ AO 657 പ്രകാരം മറ്റൊരു വ്യക്തിയെ 04.01.2005 ലെ ജാതി സർട്ടിഫിക്കറ്റ് പരിഗണിച്ച് പുനർ തെരഞ്ഞെടുപ്പിൽ ജോലി നൽകിയിട്ടുണ്ട് എന്നാണ്. അങ്ങനെ ഒരു നിയമനം നട ന്നിട്ടുണ്ടെങ്കിൽ ടിയാന്റെ ആരോപണം ശരിയാണെന്ന് കമ്മീഷൻ വിലയിരുത്തുന്നു. ഇത്തരത്തിൽ അൺസ്കിൽഡ് വർക്കേഴസ് പുനർതെരഞ്ഞെടുപ്പ് നിയമനവുമായി ബന്ധപ്പെട്ട് അപാകതകൾ സംഭവിച്ചിട്ടുള്ളതായി കമ്മീഷൻ നിരീക്ഷിക്കുന്നു. 02.07.2008 മുതൽ 12.04.2011 വരെ വിവിധ കാലയളവിൽ ദിവസവേതനാടിസ്ഥാന ത്തിലും 31.08.2015 മുതൽ സ്ഥിര നിയമനത്തിലും സിഡ്കോയുടെ യൂണിറ്റുകളിൽ ഒന്നായ പി.ഡി.സി യൂണിറ്റിൽ ജോലി ചെയ്ത പരിഗണന നൽകാതെ ഒരു ദിവസം പോലും ഒരു വ്യവസായ സ്ഥാപനത്തിലും ജോലി നോക്കാത്ത ഉദ്യോഗാർത്ഥി കൾക്ക് ഇന്റർവ്യൂവിന് കൂടുതൽ മാർക്ക് നൽകി എന്നും എന്നാൽ ടിയാന്റെ മാർക്ക് സിഡ്കോയിലെ ഉദ്യോഗസ്ഥർ വെട്ടിച്ചുരുക്കിയതായും അപ്പീൽഹർജിക്കാരൻ ആരോപിക്കുന്നു. മേൽ സാഹചര്യങ്ങൾ മൊത്തത്തിൽ പരിഗണിക്കുമ്പോൾ അപ്പീൽ ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷകളുമായി ബന്ധപ്പെട്ട് വിവരം ലഭ്യ മാക്കുന്നതോടൊപ്പം ന്യായമായ പരിഹാരം ലഭ്യമാക്കുന്നതിനായി ബഹു. ഹൈക്കോടതിയെ സമീപിക്കേണ്ടതാണ് ഉചിതം എന്ന് കമ്മീഷൻ നിരീക്ഷിക്കുന്നു. വിവരാവകാശ അപ്പീലിനോടൊപ്പം ടിയാൻ സമർപ്പിച്ച രേഖകൾ (എസ്.എസ്. എൽ.സി ബുക്ക്, നെയ്യാറ്റിൻകര തഹസിൽദാർ നൽകിയിട്ടുള്ള ജാതി സർട്ടിഫിക്കറ്റ്) പരിശോധിച്ചതിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട ആളാണ് അപ്പീൽവാദി എന്ന് മന സ്സിലാകുന്നു. 25.04.2019 ലെയും 19.06.2014 ലെയും തഹസിൽദാർ നൽകിയതും അപേ ക്ഷയോടൊപ്പം ഹാജാരാക്കിയതുമായ സർട്ടിഫിക്കറ്റുകൾക്ക് 2013 ലെ വിജ്ഞാപന സമയത്ത് സാധുതയില്ലാത്തതിനാലാണ് ടിയാനെ ഓപ്പൺ കാറ്റഗറിയിൽ പരിഗണിച്ച തെന്ന 1 ഉം 2 ഉം എതിർകക്ഷികളുടെ വാദം മനുഷ്യാവകാശലംഘനം കൂടിയാണ്. ഈ സാഹചര്യത്തിൽ ഈ നടപടി എടുത്തവർക്കെതിരെ SC/ST Atrocities Act പ്രകാരം നടപടി സ്വീകരിക്കുന്നതിനായി ബന്ധപ്പെട്ട വകുപ്പിൽ പരാതി നൽകുന്ന തിന് അപ്പീൽവാദിക്ക് നിർദ്ദേശം നൽകുന്നു. ഈ സാഹചര്യത്തിൽ നിയമനവു മായി ബന്ധ്പെപട്ട് അഴിമതി നടന്നിട്ടുള്ളതായി കമ്മീഷന് ബോദ്ധ്യപ്പെട്ടതിനാൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയിൽ പരാതി നൽകുന്നതിനും അപ്പീൽവാദിക്ക് നിർദ്ദേശം നൽകുന്നു.

12. അതോടൊപ്പം ബഹു. ഹൈക്കോടതി വിധിയിൽ 20 മാർക്കിന് ഇന്റർവ്യൂ നടത്തുവാനാണ് നിർദ്ദേശിച്ചിരുന്നത്. എന്നാൽ സർട്ടിഫിക്കറ്റ് വെരിഫിക്കേഷൻ തുടങ്ങിയ നടപടി ക്രമങ്ങൾ വീണ്ടും നടത്തുകയും റാങ്ക് ലിസ്റ്റിൽ ക്രമക്കേട് നടന്നിട്ടുള്ളതായും കമ്മീഷന് ബോദ്ധ്യപ്പെട്ടു. അൺസ്കിൽഡ് വർക്കർ നിയമനം സംബന്ധിച്ച് വിജിലൻസ് അന്വേഷണം നിലനിൽക്കുന്നതിനാൽ മറുപടി നൽകാനാവില്ല എന്ന് എസ്.പി.ഐ.ഒ മറ്റൊരു ഫയലിൽ (എ. പി. 1317(1)2019/എസ്.ഐ.സി തീയതി 21.08.2019) ഹർജിക്കാരനെ അറിയിച്ചിട്ടുള്ളതായും കമ്മീഷൻ മനസ്സിലാക്കുന്നു.

13. അപ്പീൽഹർജിക്കാരന്റെ മേൽ പരാമർശ അപ്പീലുകൾ വിശദമായ പരിശോധിച്ച കമ്മീഷൻ താഴെ പറയും പ്രകാരം ഉത്തരവുകൾ നൽകുന്നു.

    a. 12.07.2019 തീയതി സിഡ്കോ തയ്യാറാക്കിയതായ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട 657 പേരുടേയും പേര്, ജനനതീയതി, എഴുത്ത് പരീക്ഷയിൽ ലഭിച്ചതായ മാർക്ക് ഇന്റർവ്യൂവിന് ലഭിച്ചതായ മാർക്ക് , മൊത്തം മാർക്ക്, 2014 കാലയളവിൽ ഡിസ്കോ നൽകിയ മാർക്ക് ഉൾപ്പെടെ 11 ചോദ്യങ്ങളിലൂടെ ആവശ്യപ്പെട്ട അപേക്ഷയുമായി ബന്ധപ്പെട്ട് സമർപ്പിച്ച AP 2246(5)/19 നമ്പർ ഹർജിയ്ക്ക് ഈ ഉത്തരവ് കിട്ടി 7 ദിവസത്തിനുള്ളിൽ വ്യക്തവും കൃത്യവുമായ മറുപടി നൽകേണ്ടതാണ്.

    b. WP (C) 3756/2016 ബഹു. ഹൈക്കോടതി വിധി പ്രകാരം 05.07.2019, 06.07.2019, 10.07.2019, 11.07.2019 തീയതികളിൽ സിഡ്കോ നടത്തിയ 657 പേരുടേയും എക്സിപീരിയൻസ് സർട്ടിഫിക്കറ്റുകൾ പരിശോധിച്ച് അപ്പീൽ ഹർജിക്കാരൻ ആവശ്യപ്പെട്ട 6 ചോദ്യങ്ങൾക്കും ഈ ഉത്തരവ് കിട്ടി 7 ദിവസത്തിനുള്ളിൽ വ്യക്തവും കൃത്യവുമായ മറുപടി നൽകേണ്ടതാണ്.

    c. സിഡ്കോയിൽ 1981 മുതൽ 28.02.2011 തീയതിവരെ വർക്കർ കാറ്റഗറിയിൽ നടന്നതായ നിയമനങ്ങളെ സംബന്ധിച്ചും നിയമനത്തിൽ എസ്.സി വിഭാഗത്തിൽ എത്രപേർക്ക് നിയമനം ലഭിച്ചിട്ടുണ്ട് എന്നത് സംബന്ധിച്ചും നൽകിയ 5 അന്വേഷണങ്ങൾക്ക് ഈ ഉത്തരവ് കിട്ടി 7 ദിവസത്തിനുള്ളിൽ വ്യക്തവും കൃത്യവുമായ മറുപടി നൽകേണ്ടതാണ്.

14. കമ്മീഷൻ ഉത്തരവ് നടപ്പിലാക്കി യഥാസമയം രേഖാമൂലം കമ്മീഷനെ അറിയിക്കേണ്ടതുമാണ്.

15. മേൽ പരാമർശിത അപ്പീലുകൾക്കാധാരമായ വിവരാവാശ അപേക്ഷകൾക്ക് നിശ്ചിത സമയത്തിനുള്ളിൽ മറുപടി നൽകാതിരുന്ന ഒന്നാം എതിർകക്ഷിയുടെ നടപടി വിവരാവകാശ നിയമത്തിന്റെ ലംഘനവും ഗൂരുതരമായ വീഴ്ചയും കൃത്യ വിലോപവും നിയമത്തോടുള്ള അവഹേളനവും വെല്ലുവിളിയുമായി കമ്മീഷൻ വിലയിരുത്തുന്നു. ഇപ്രകാരം വീഴ്ച വരുത്തിയ പരാമർശിത കാല യളവിലെ എസ്.പി.ഐ.ഒ ക്കെതിരെ വിവരാവകാശ നിയമം വകുപ്പ് 20(1), (2) പ്രകാരമുള്ള ശിക്ഷാനടപടി സ്വീകരിക്കുവാൻ കമ്മീഷൻ താൽക്കാലികമായി തീരുമാനിക്കുന്നു. ഇക്കാര്യത്തിൽ ടി എതിർകക്ഷിക്ക് എന്തെങ്കിലും ബോധിപ്പിക്കാനുണ്ടെങ്കിൽ ആയതു ഈ ഉത്തരവ് കൈപ്പറ്റി 15 ദിവസത്തിനകം രേഖാമൂലം കമ്മീഷനെ അറിയിക്കേണ്ടതാണ്. നിശ്ചിത സമയത്തിനുള്ളിൽ യാതൊരു മറുപടിയും ലഭിക്കുന്നില്ലെങ്കിൽ ടി എതിർകക്ഷിക്ക് യാതൊന്നും ബോധിപ്പിക്കുവാനില്ല എന്ന നിഗമനത്തിൽ കമ്മീഷൻ മേൽ വകുപ്പ് പ്രകാരമുള്ള അന്തിമ നടപടി സ്വീകരിക്കുന്നതായിരിക്കും. ഇക്കാര്യത്തിൽ എതിർകക്ഷിക്ക് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും നേരിൽക്കണ്ട് ബോധിപ്പിക്കാനുണ്ടെങ്കിൽ അക്കാര്യം ടിയാന്റെ വിശദീകരണത്തിൽ പ്രത്യേകം സ്പഷ്ടമാക്കേണ്ടതാണ്.

16. ഇപ്രകാരം ഈ അപ്പീൽഹർജികൾ ഇന്നേദിവസം 2020 മാർച്ച് 7-ാം തീയതി തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)
**ശ്രീലത. പി. ആർ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി